# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 ജൂൺ 19, ബുധൻ

**നമ്പർ 172**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

കണ്ണൂർ ജില്ലയിലെ ആന്തൂരിൽ നിർമ്മിച്ച കൺവെൻഷൻ സെന്ററിന് നഗരസഭ ലൈസൻസ് നിഷേധിച്ചതിനെത്തുടർന്ന് പാറയിൽ സാജൻ എന്നയാൾ ആത്മഹത്യ ചെയ്യാനിടയായതായി പറയപ്പെടുന്ന സംഭവത്തെത്തുടർന്ന് ഉളവായിട്ടുള്ള ഗുരുതര സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. സണ്ണി ജോസഫും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ:

1. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന മയക്കമരുന്ന് ഉപയോഗത്തിനെതിരെയും മയക്കമരുന്ന് കടത്ത് സംഘങ്ങൾക്കെതിരെയും കർശന നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എ. എൻ. ഷംസീർ തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.
2. കണ്ണൂരിലെ അഴീക്കൽ തുറമുഖ വികസനത്തിൽ ഉണ്ടായതായി പറയപ്പെടുന്ന മെല്ലെപ്പോക്കിലേയ്ക്ക് ശ്രീ. കെ. എം. ഷാജി തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 835/2019(i).

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. റ്റി. വി. രാജേഷ് | പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നത് | മുഖ്യമന്ത്രി |
| 2 | ശ്രീ. എം. രാജഗോപാലൻ | കാസർഗോഡ് ജില്ലയിലെ BHEL-EML സ്ഥാപനം സർക്കാർ ഏറ്റെടുക്കുന്നത് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 3 | ശ്രീ. ജോർജ് എം. തോമസ് | കോടഞ്ചേരി ഗവണ്മെന്റ് കോളേജിൽ പി.ജി. കോഴ്സുകൾ അനുവദിക്കുന്നത് | ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. ബി. ഗണേഷ് കുമാർ | പത്തനാപുരം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ബസ് സർവ്വീസുകൾ | ഗതാഗത വകുപ്പുമന്ത്രി |
| 5 | ശ്രീ. ടി. വി. ഇബ്രാഹിം | വാഴക്കാട് ഐ.ടി.ഐ. | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. എൻ. എ. ഖാദർ | പറപ്പൂർ സഹകരണ ബാങ്കിലെ സാമ്പത്തിക ക്രമക്കേട് | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 7 | ശ്രീ. വി. പി. സജീന്ദ്രൻ | അമൃതകുടീരത്തിലെ 126 കുടുംബങ്ങളെ ലൈഫ് പദ്ധതിയിൽപ്പെടുത്തുന്നത് | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |
| 8 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം ലഭ്യമാക്കുന്നത് | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 9 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പാണംകുഴി, പാണേലിപോര് പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളിൽ കാട്ടാന ഇറങ്ങിയത് | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |
| 10 | ശ്രീ. ഡി. കെ. മുരളി | കല്ലറയിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ ആരംഭിക്കുന്നത് | വൈദ്യുതി വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

## സ്പീക്കറുടെ റൂളിംഗ്:

സഭാ സമ്മേളനം നടക്കുമ്പോൾ സാമാജികർ പങ്കെടുക്കേണ്ട ഗവൺമെന്റ് തലത്തിലുള്ള യോഗങ്ങൾ വിളിക്കുന്നത് സംബന്ധിച്ച് സ്പീക്കർ റൂളിംഗ് നടത്തി.

## ധനകാര്യം:

### 2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയം യഥാക്രമം പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരനും തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മേശപ്പുറത്തുവച്ചു.

XV-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 3, 4, 5, 6, 7, 10, 14, 15, 17, 18, 26, 27, 29, 30, 31, 32, 33, 36, 41, 42, 43, 45, 47, 48, 51 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XL-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 5, 6, 7, 8, 9, 10, 12, 14, 15, 17, 18, 19, 21, 25, 30, 31, 32, 34, 35, 36, 37, 39 40 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. എം. വിൻസെന്റ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. സി. കെ. നാണു

ശ്രീ. ജോൺ ഫെർണാണ്ടസ്

ശ്രീ. പി. സി. ജോർജ്

ശ്രീ. എം. മുകേഷ്

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. കെ. ജെ. മാക്സി

ശ്രീ. കെ. ആൻസലൻ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരനും തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും മറുപടി പറഞ്ഞു. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XV, XL എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2019 ജൂൺ 20-ാം തീയതി വ്യാഴാഴ്ച രാവിലെ 9-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 3.36-ന് സഭ പിരിഞ്ഞു.

സി. ജോസ്,
*സെക്രട്ടറി-ഇൻ-ചാർജ്.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

Fifteenth Session

# BULLETIN—PART I

(Brief Record of Proceedings )

*Wednesday, June 19, 2019*

**No. 172**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Local Self Governments, Speaker withheld consent to the moving of an adjournment motion given notice of by Shri Sunny Joseph and three other Members regarding the serious situation alleged to have arisen due to the suicide of Parayil Sajan, consequent to the denial of licence by the Anthur Municipality in Kannur District to his newly built Convention centre.

In protest against the attitude of the Government in this matter the Members belonging to opposition staged a walk out.

*Calling Attention:*

1. Shri A. N. Shamseer called the attention of the Minister for Labour and Excise to the necessity to take stringent action against the reported increase in the use of narcotic drugs and the drug traffickers in the State. The Minister made a statement thereto.

2. Shri K. M. Shaji called the attention of the Minister for Ports, Museums and Archaeology to the reported lag in the developmental activities of Azheekal Port in Kannur. The Chief Minister made a statement thereto.

KNPP. 835/2019(ii).

*The Matters under Rule 304:*

The Matters raised in the house by Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. റ്റി. വി. രാജേഷ് | പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നത് | മുഖ്യമന്ത്രി |
| 2 | ശ്രീ. എം. രാജഗോപാലൻ | കാസർഗോഡ് ജില്ലയിലെ BHEL-EML സ്ഥാപനം സർക്കാർ ഏറ്റെടുക്കുന്നത് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 3 | ശ്രീ. ജോർജ് എം. തോമസ് | കോടഞ്ചേരി ഗവണ്മെന്റ് കോളേജിൽ പി.ജി. കോഴ്സുകൾ അനുവദിക്കുന്നത് | ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. ബി. ഗണേഷ് കുമാർ | പത്തനാപുരം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ബസ് സർവ്വീസുകൾ | ഗതാഗത വകുപ്പുമന്ത്രി |
| 5 | ശ്രീ. ടി. വി. ഇബ്രാഹിം | വാഴക്കാട് ഐ.ടി.ഐ. | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. എൻ. എ. ഖാദർ | പറപ്പൂർ സഹകരണ ബാങ്കിലെ സാമ്പത്തിക ക്രമക്കേട് | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 7 | ശ്രീ. വി. പി. സജീന്ദ്രൻ | അമ്പലകുടീരത്തിലെ 126 കുടുംബങ്ങളെ ലൈഫ് പദ്ധതിയിൽപ്പെടുത്തുന്നത് | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |
| 8 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം ലഭ്യമാക്കുന്നത് | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 9 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പാണംകുഴി, പാണേലിപോര് പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളിൽ കാട്ടാന ഇറങ്ങിയത് | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |
| 10 | ശ്രീ. ഡി. കെ. മുരളി | കല്ലറയിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ ആരംഭിക്കുന്നത് | വൈദ്യുതി വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Ruling by The Speaker:*

The Speaker gave ruling regarding the convening of Government level meetings requiring the presence of MLAs, when the Assembly is in Session.

*Financial Business:*

<u>Discussion and Voting on Demands for Grants in the Budget for the financial year 2019-2020</u>

Shri G. Sudhakaran, Minister for Public Works and Registration moved Demand No. XV—Public Works and Shri Ramachandran Kadannappalli, Minister for Ports, Museum and Archaeology moved Demand No. XL—Ports for the amounts shown against them under column No. 5 in the list of Demands for Grants respectively.

DR. T. M. Thomas Isaac, Minister for Finance and Coir laid on the table the statements under Rule 236(3) with regard to these Demands.

The cut motion Nos. 1, 3, 4, 5, 6, 7, 10, 14, 15, 17, 18, 26, 27, 29, 30, 31, 32, 33, 36, 41, 42, 43, 45, 47, 48, and 51 in the list of cut motions for Demand No. XV and the cut motion Nos. 2, 5, 6, 7, 8, 9, 10, 12, 14, 15, 17, 18, 19, 21, 25, 30, 31, 32, 34, 35, 36, 37, 39 and 40 in the list of cut motions for Demand No. XL were moved.

The following Members took part in the discussion:

Shri Murali Perunelly

Shri M.Vincent

Shri Mullakkara Retnakaran

Shri K. M. Shaji

Shri C. K. Nanu

Shri John Fernandez

Shri P. C. George

Shri M. Mukesh

Shri Roshy Augustine

Shri K. J. Maxy

Shri K. Ansalan

Shri K. V. Abdul Khader

Shri Thiruvanchoor Radhakrishnan.

Shri G. Sudhakaran, Minister for Public Works and Registration and Shri Ramachandran Kadannappalli, Minister for Ports, Museums and Archaeology replied to the points raised during the discussion. The cut motions were declared lost. Then the Demand No. XV and XL were put to vote and passed.

The House adjourned at 3.36 p.m. to meet again at 9.00 a.m. on Thursday, June 20, 2019.

C. Jos,
*Secretary-in-charge.*